**No: E 08/22**

**ദൈവകൃപയാൽ**
**അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പരിശുദ്ധ പത്രോസിന്റെ ശ്ലൈഹീക സിംഹാസനത്തിൽ കീഴിലുള്ള യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ യൂറോപ്പ് ഇടവകകളുടെ**
**ഡോ. കുര്യാക്കോസ് തെയോഫീലോസ് മെത്രാപ്പോലീത്ത.**

MALANKARA SYRIAN ORTHODOX CHURCH · THEOPHILOSE KURIAKOSE METROPOLITAN · EUROPE

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ യൂറോപ്പിലെ ഇടവകകളിലെ ബഹു. വികാരിമാർക്കും മാനേജിംഗ് കമ്മിറ്റി അംഗങ്ങൾക്കും ശേഷം ആത്മീയ മക്കൾക്കും കർത്താവിൽ വാഴവ്.

പ്രിയരെ

ബെത്‌ലഹേമിലെ പുൽത്തൊട്ടിയിൽ ജാതനായ ലോകരക്ഷിതാവായ യേശുക്രിസ്തുവിന്റെ തിരുജനന പ്പെരുന്നാൾ നാം ആഘോഷിക്കുകയാണല്ലോ. പുൽത്തൊട്ടി മൃഗങ്ങൾക്ക് ഭക്ഷണമാണെങ്കിൽ മനുഷ്യ കുലത്തിനു മുഴുവനും ജീവന്റെ അപ്പമായവനാണ് പുൽത്തൊട്ടിയിൽ കിടക്കുന്ന ശിശു. മരണത്തിന്റെയും നിരാശയുടെയും താഴ്‌വരയിലൂടെ കടന്നുപോകുന്ന ലോകത്തിന് പ്രത്യാശയും സമാധാനവും ജീവനുമായ രക്ഷിതാവിനെ നമ്മുടെ ഹൃദയങ്ങളിലും കുടുംബങ്ങളിലും നമ്മുക്ക് എതിരേൽക്കാം. എല്ലാവർക്കും ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ നേരുന്നു.

വീണ്ടും പ്രിയരെ,

കുടുംബബന്ധങ്ങൾക്ക് മൂല്യച്യുതി സംഭവിച്ചു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വിശ്വാസവും ക്രിസ്തീയ മൂല്യങ്ങളും കാത്തു പാലിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യകതയാണല്ലോ. യൂറോപ്പിലെ നമ്മുടെ കുടുംബങ്ങൾക്ക് ഒത്തുചേരുവാനും പരസ്പരം ബന്ധങ്ങൾ പുതുക്കുവാനും 2023 ഒക്ടോബർ 27,28,29 തീയതികളിൽ മാൾട്ട സെന്റ് മേരീസ് മലങ്കര സിറിയൻ ഓർത്തഡോക്സ് പള്ളിയിൽ വച്ച് യൂറോപ്യൻ ഫാമിലി കോൺഫറൻസ് ക്രമീകരിക്കുന്നു. യൂറോപ്പ് ഭദ്രാസന കൗൺസിലിന്റെയും മാൾട്ട ഇടവകയുടെയും നേതൃത്വത്തിൽ ഒക്ടോബർ 27 വെള്ളിയാഴ്ച്ച വൈകിട്ട് 4 മണിക്ക് ആരംഭിച്ച് 29 ഞായറാഴ്ച്ച ഉച്ചയോടുകൂടി അവസാനിക്കുന്ന വിധത്തിൽ ആണ് കോൺഫറൻസിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നത്. ഇതോടൊപ്പം യുവതീ യുവാക്കൾക്ക് വേണ്ടിയുള്ള പ്രത്യേക ക്യാമ്പും ഉണ്ടായിരിക്കുന്നതാണ്. മാൾട്ടയിലെ സ്ഥലങ്ങൾ സന്ദർശിക്കുവാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി അറിയിക്കുന്ന പക്ഷം 30 തിങ്കളാഴ്ച്ച അതിനുള്ള ക്രമീകരണം ചെയ്യുന്നതാണ്. കോൺഫറൻസിലും ക്യാമ്പിലും പങ്കെടുക്കുന്ന ഒരു വ്യക്തിക്ക് മൂന്ന് ദിവസത്തെ താമസത്തിനും ഭക്ഷണത്തിനുമായി ഏകദേശം 150 യൂറോ ആണ് ചെലവ് പ്രതീക്ഷിക്കുന്നത്. കൂടാതെ രജിസ്ട്രേഷൻ ഫീസ്

ഉണ്ടായിരിക്കുന്നതാണ്. എല്ലാ കുടുംബാംഗങ്ങളും ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് സ്നേഹപൂർവ്വം നിങ്ങളെ ഓർമ്മപ്പെടുത്തുന്നു.

സഭയുടെ അടിസ്ഥാനവിശ്വാസങ്ങളും പാരമ്പര്യങ്ങളും ആരാധനാക്രമങ്ങളും അറിയുവാനും പഠിക്കുവാനുമായി ഓൺലൈൻ വഴിയായി എല്ലാ വിശ്വാസികൾക്കും വേണ്ടി നമ്മുടെ ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ വിവിധ ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുന്നു. കൂടാതെ സുറിയാനി ഭാഷ പരിശീലനം, ബൈബിൾ, സഭാചരിത്രം, ആരാധനക്രമം, വിശുദ്ധ മദ്ബഹ ശുശ്രൂഷകർക്കുള്ള നടപടി ക്രമങ്ങൾ തുടങ്ങിയ വിഷയങ്ങൾക്കും കോഴ്സുകൾ ക്രമീകരിച്ചിരിക്കുന്നുണ്ട്. കോഴ്സുകൾ ഫെബ്രുവരി മാസം മുതൽ ആരംഭിക്കുന്നതാണ്.

ഫാമിലി കോൺഫറൻസിൽ സംബന്ധിക്കുന്നതിനും വിവിധ കോഴ്സുകൾ രജിസ്റ്റർ ചെയ്യുന്നതിനുമായി ഒരു ഗൂഗിൾ ഫോം ഭദ്രാസന ഓഫീസിൽ നിന്നും ഇടവകകൾക്ക് അയച്ചുതരുന്നതാണ്. 2023 ജനുവരി മാസം 30ന് മുമ്പായി ഫോം പൂരിപ്പിച്ചു തിരിച്ചയക്കേണ്ടതാണ്.

ഭദ്രാസന കൗൺസിലിന്റെ നേതൃത്വത്തിൽ പ്രീ മാരിറ്റൽ കോഴ്സ് വളരെ ഭംഗിയായി നടത്തപ്പെട്ടുവരുന്നു. അടുത്ത വർഷത്തെ പ്രീ മാരിറ്റൽ കോഴ്സുകൾ മാർച്ച് 10,11,12 (മലയാളം), മാർച്ച് 17,18,19 (ഇംഗ്ലീഷ്) ഓഗസ്റ്റ് 18,19,20 (മലയാളം) എന്നീ തീയതികളിൽ നടത്തുന്നതാണ്. വിവാഹിതരാവാൻ ഒരുങ്ങുന്ന എല്ലാ യുവതീയുവാക്കളും ഈ അവസരങ്ങൾ പ്രയോജനപ്പെടുത്തണമെന്ന് ഓർമ്മപ്പെടുത്തുന്നു. അതോടൊപ്പം വിവാഹിതർക്കുവേണ്ടിയുള്ള ക്ലാസുകൾ ഫെബ്രുവരി 11 ശനിയാഴ്ച്ച വിയന്ന ഇടവകയിൽ വച്ച് ക്രമീകരിക്കുന്നു. ഓൺലൈൻ വഴിയായി പങ്കെടുക്കുന്നതിനുള്ള അവസരവും ഉണ്ടായിരിക്കുന്നതാണ്.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളോടൊപ്പം വർത്തിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വി. കന്യക മർത്തമറിയം അമ്മയുടെയും ശ്ലീഹൻമാരിൽ തലവനായ പരിശുദ്ധ പത്രോസിന്റെയും ഭാരതത്തിന്റെ കാവൽ പിതാവായ മോർ തോമ്മാശ്ലീഹയുടെയും പ്രാർത്ഥനകളാൽത്തന്നെ, **ആമ്മീൻ**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ.**

ഉദയഗിരി സെമിനാരിയിൽ നിന്നും
2022 ഡിസംബർ മാസം 23-ാം തിയതി

ഡോ. കുര്യാക്കോസ് തെയോഫീലോസ്
മെത്രാപ്പോലീത്ത